പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2821 14/02/2013 ൽ മറുപടിയ്ക്ക്

## സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| --- | --- |
| (എ) സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ 2012-13 കാലയളവിൽ എങ്ങനെയാണ് വിതരണം ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്യുന്ന പ്രകാരം മെറിറ്റ്/റിസർവേഷൻ സീറ്റുകളിൽ പ്രവേശനം നേടുന്നവർക്കും സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും മെറിറ്റ്/ റിസർവേഷൻ സീറ്റുകളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്ന വർക്കും സർക്കാർ/ സർക്കാർ ഏജൻസി/ യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ച് വരുന്നു. ഇ-ഗ്രാന്റ്സ് പദ്ധതി പ്രകാരം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ എ.റ്റി.എം കൗണ്ടർ വഴിയാണ് വിദ്യാർത്ഥികൾക്ക് ആനുകൂല്യം വിതരണം ചെയ്യുന്നത്. |
| (ബി) വിദ്യാഭ്യാസ സ്കോളർഷിപ്പ് ലഭിക്കുന്നതിനായി ഇവർ സമർപ്പിച്ച അപേക്ഷകൾ ജില്ലാ പട്ടികജാതി ഓഫീസർ നിരസിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) 02/07/2009 ലെ സർക്കാർ ഉത്തരവ് (പി)നമ്പർ 50/09/പജപവവിവ. പ്രകാരം അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ അൺ എയ്ഡഡ് കോഴ്സുകൾക്ക് യാതൊരുവിധ ആനുകൂല്യങ്ങളും ലഭിക്കുക |

| | | | |
|---|---|---|---|
| | | | യില്ലായെന്ന് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ ഡിഗ്രി-പി.ജി. കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികളുടെ അപേക്ഷകൾ നിരസിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ സ്വാശ്രയ സ്ഥാപനങ്ങളിൽ മാനേജ്മെന്റ് ക്വാട്ടായിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ അപേക്ഷയും നിരസിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഇവർക്ക് ട്യൂഷൻ ഫീസും മറ്റ് ആനുകൂല്യങ്ങളും നൽകേണ്ടതില്ല എന്ന് സർക്കാർ ഉത്തരവുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | (സി) | ഉണ്ട്. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. സർക്കാർ ഉത്തരവ് (പി)നമ്പർ 50/09/പജപവവിവ. തീയതി 02/07/2009 (പേജ് 3 ഖണ്ഡിക 3 (vii). |

സെക്ഷൻ ഓഫീസർ

അനുബന്ധം [illegible]യിൽ ലഭ്യമാണ്